**പതിമൂന്നാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011–2014)

**അഞ്ചാമത് റിപ്പോർട്ട്**

(2012 ജൂലൈ 5-ാം തീയതി സമർപ്പിച്ചത്)

**2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റിൻകീഴിൽ 2010, 2011 വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.കൾ സംബന്ധിച്ച റിപ്പോർട്ട്**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2012

പതിമൂന്നാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2011–2014)

**അഞ്ചാമത് റിപ്പോർട്ട്**

(2012 ജൂലൈ 5-ാം തീയതി സമർപ്പിച്ചത്)

2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി
ആക്റ്റിൻ കീഴിൽ 2010, 2011 വർഷങ്ങളിൽ
പുറപ്പെടുവിച്ച എസ്.ആർ.ഒ.കൾ
സംബന്ധിച്ച റിപ്പോർട്ട്

1124/2012.

## ഉള്ളടക്കം

| | | പേജ് |
| --- | --- | --- |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I: S.R.O. 267/2010 | .. | 10 |
| അനുബന്ധം II : S.R.O. 530/2010 | .. | 37 |
| അനുബന്ധം III : S.R.O. 759/2010 | .. | 86 |
| അനുബന്ധം IV : സമിതി ആക്റ്റിൻകീഴിൽ പരിശോധിച്ച S.R.O.കളുടെ പട്ടിക | .. | 89 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2011–2014)

## ഘടന

ചെയർമാൻ :

ശ്രീ. എം. ഉമ്മർ.

അംഗങ്ങൾ :

ശ്രീ. വി. ചെന്താമരാക്ഷൻ

,, ചിറ്റയം ഗോപകുമാർ

,, ഹൈബി ഈഡൻ

,, ലൂഡി ലൂയിസ്

,, എൻ. എ. നെല്ലിക്കുന്ന്

,, സാജു പോൾ

,, എ. കെ. ശശീന്ദ്രൻ

,, വി. ശിവൻകുട്ടി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. കെ. മുരളീധരൻ, സെക്രട്ടറി-ഇൻ-ചാർജ്

,, എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

,, കെ. എസ്. അനസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി മഞ്ജു വർഗ്ഗീസ്, അണ്ടർ സെക്രട്ടറി.

# അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതിയുടെ (2011-2014) അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റിൻകീഴിൽ 2010, 2011 വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.കൾ സമിതി പരിശോധിക്കുകയുണ്ടായി. സമിതിയുടെ 1-2-2012, 4-4-2012 എന്നീ തീയതികളിൽ തിരുവനന്തപുരത്ത് ചേർന്ന യോഗങ്ങളിൽ നിയമം, തൊഴിലും പുനരധിവാസവും എന്നീ വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കുകയും അവരിൽ നിന്നും ലഭിച്ച വിവരങ്ങളുടെയും അഭിപ്രായങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമിതിയുടെ നിർദ്ദേശങ്ങളും ശുപാർശകളും അടങ്ങുന്നതുമാണ് ഈ റിപ്പോർട്ട്.

2012 ജൂൺ 27-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. ഉമ്മർ,

*ചെയർമാൻ,*

*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2012 ജൂലൈ 5.

# റിപ്പോർട്ട്

## 2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റിൻ (2009-ലെ 26-ാം ആക്റ്റ്) കീഴിൽ 2010, 2011 വർഷങ്ങളിൽ പുറപ്പെടുവിച്ച എസ്.ആർ.ഒ.കൾ സംബന്ധിച്ച്

കേരള സംസ്ഥാനത്ത് സ്വർണ്ണം, വെള്ളി, പ്ലാറ്റിനം, ചെമ്പ്, പിച്ചള, ഓട്, തങ്കം, രത്നം, മുത്ത് (കൃത്രിമ മുത്ത് ഒഴികെ) എന്നിവ സംസ്കരിക്കുകയും, അവയോ, അവയുടെ സങ്കരമോ ഉല്പന്നമോ ഉപയോഗിച്ച് ആഭരണമോ രൂപമോ മറ്റു ഉല്പന്നമോ നിർമ്മിക്കുകയും അനുബന്ധ ജോലികൾ ചെയ്യുന്നതുമായ തൊഴിലാളികൾക്കും സ്വയം തൊഴിൽ ചെയ്യുന്ന ആളുകൾക്കും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും ആനുഷംഗികമായ മറ്റു കാര്യങ്ങൾക്കുംവേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനും വേണ്ടിയുള്ളതാണ് 2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റ്.

2. 1-8-2009-ലെ 1413-ാം നമ്പർ അസാധാരണ ഗസറ്റായി പ്രസിദ്ധപ്പെടുത്തിയ പ്രസ്തുത ആക്റ്റിൽ 39 വകുപ്പുകളും പട്ടികയും ഉൾപ്പെടുന്നു. 2010-ലെ 147-ാം നമ്പർ എസ്.ആർ.ഒ. പ്രകാരം 10-2-2010 മുതൽ ആക്റ്റ് പ്രാബല്യത്തിൽ വന്നു. ആക്റ്റിലെ 39-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് ചട്ടങ്ങൾ പുറപ്പെടുവിക്കുകയും അത് 15-3-2010-ലെ 267-ാം നമ്പർ എസ്.ആർ.ഒ. ആയി പ്രസിദ്ധീകരിക്കുകയുമുണ്ടായി. ആക്റ്റിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് ആക്റ്റിന്റെ പരിധിയിൽ വരുന്ന തൊഴിലാളികളുടെയും സ്വയംതൊഴിൽ ചെയ്യുന്നവരുടെയും ക്ഷേമപ്രവർത്തന ങ്ങൾക്കു വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി 2010-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ആവിഷ്ക്കരിക്കുകയും അത് 29-5-2010-ലെ 530-ാം നമ്പർ എസ്.ആർ.ഒ. ആയി വിജ്ഞാപനം ചെയ്യുകയും ചെയ്തു. പ്രസ്തുത പദ്ധതിക്ക് പ്രാബല്യം നൽകിയത് 12-7-2010-ലെ 687-ാം നമ്പർ എസ്.ആർ.ഒ. പ്രകാരമാണ്.

3. 2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റിൻ (2009-ലെ 26-ാം ആക്റ്റ്) കീഴിൽ 2010, 2011 കാലയളവിൽ പുറപ്പെടുവിച്ച 267/2010, 530/2010, 759/2010 എന്നീ നമ്പർ എസ്.ആർ.ഒ.കൾ സമിതി സൂക്ഷ്മമായി പഠിക്കുകയും അതിലെ വ്യവസ്ഥകൾ സംബന്ധിച്ച് നിയമം, തൊഴിലും പുനരധിവാസവും എന്നീ വകുപ്പ് സെക്രട്ടറിമാരുമായും ചർച്ച നടത്തുകയും വിശദാംശങ്ങൾ ആരായുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിലുള്ള സമിതിയുടെ നിരീക്ഷണങ്ങളും ശുപാർശ കളും നിർദ്ദേശങ്ങളുമാണ് ചുവടെ ചേർക്കുന്നത്:

## എസ്.ആർ.ഒ. നമ്പർ 267/2010 തീയതി 15-3-2010

സർക്കാർ ഉത്തരവ് (പി) നമ്പർ 40/2010/തൊഴിൽ തീയതി 15-3-2010

4. ആക്റ്റിലെ 39-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ച് പുറപ്പെടുവിച്ച ചട്ടങ്ങളാണ് പ്രസ്തുത എസ്.ആർ.ഒ. യിൽ ഉള്ളത്.

5. ഒന്നിൽ കൂടുതൽ സ്ഥാപനങ്ങളോ ബ്രാഞ്ചുകളോ ഉള്ള വ്യാപാരികൾ ഓരോ സ്ഥാപനത്തിനും പ്രത്യേകം പ്രത്യേകം രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥ ചട്ടം 5 (5)-ൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ ഇതേ വ്യവസ്ഥ ഉൾക്കൊള്ളുന്ന ചട്ടം 6(2) ഒഴിവാക്കേണ്ടതും അതുപ്രകാരം ചട്ടം 6(3), 6(4), 6(5), 6(6) എന്നിവ യഥാക്രമം ചട്ടം 6(2), 6(3), 6(4), 6(5) എന്ന് പുനഃക്രമീകരണം നടത്തേണ്ടതുമാണ് എന്ന് സമിതി ശുപാർശ ചെയ്യുന്നു.

6. ചട്ടങ്ങളിൽ എല്ലായിടത്തും 'അസസ്സിംഗ് ആഫീസർ' എന്നത് 'അസ്സസ്സിംഗ് ആഫീസർ' എന്ന് തെറ്റായിട്ടാണ് രേഖപ്പെടുത്തിയിട്ടുള്ളത് എന്ന് സമിതി കണ്ടെത്തുകയും അത് 'അസസ്സിംഗ് ആഫീസർ' എന്ന് തിരുത്താൻ നിർദ്ദേശിക്കുകയും ചെയ്യുന്നു.

7. ചട്ടം 6—വ്യാപാരി രജിസ്ട്രേഷൻ.—ആക്ടിലെ 5-ാം വകുപ്പുപ്രകാരം സെസ്സ് അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥനായ ഓരോ വ്യാപാരിയും വ്യാപാരം ആരംഭിച്ച് ഒരു മാസത്തിനകം അസസ്സിംഗ് ആഫീസർ മുൻപാകെ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ് എന്ന് ചട്ടം 6 (1) വ്യവസ്ഥ ചെയ്യുന്നു. എന്നാൽ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് വ്യാപാരം ആരംഭിച്ച വ്യാപാരികൾ, ഈ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് അറുപത് ദിവസങ്ങൾക്കകമോ സർക്കാർ ഗസറ്റ് വിജ്ഞാപനപ്രകാരം നിർദ്ദേശിക്കുന്ന തീയതിക്കുള്ളിലോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഈ വിഭാഗത്തിൽപ്പെട്ട വ്യാപാരികൾ ഏതു തീയതിക്കുള്ളിൽ രജിസ്ട്രേഷൻ നടത്തിയിരിക്കണമെന്നതു സംബന്ധിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല എന്ന് സമിതി കണ്ടെത്തി. കൂടാതെ അസസ്സിംഗ് ഓഫീസർമാരെ നിയമിച്ചത് ആക്ട് പ്രാബല്യത്തിൽ വന്ന് ഒരു വർഷത്തിനു ശേഷം അതായത് 5-2-2011-ൽ മാത്രമാണ് എന്ന് സമിതി നിരീക്ഷിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ രജിസ്ട്രേഷൻ നടപടികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ച് വിശദീകരിക്കാൻ തൊഴിൽ വകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെട്ടു. രജിസ്ട്രേഷൻ നടപടികൾ പ്രാരംഭഘട്ടത്തിലാണെന്നും ആഭരണം വാങ്ങുമ്പോഴും വിൽക്കുമ്പോഴും സെസ്സ് ഈടാക്കണമെന്ന് വന്നിരിക്കുകയാകയാൽ ഇതു സംബന്ധിച്ച് വ്യാപാരികൾ സർക്കാരിന് നിവേദനം നൽകുകയും വ്യാപാരികളും സർക്കാരും ഇതു സംബന്ധിച്ച് പലതവണ ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ ആഭരണം വിൽക്കുമ്പോൾ മാത്രം സെസ്സ് ഈടാക്കിയാൽ മതിയെന്നു തീരുമാനത്തിലെത്തുകയും ചെയ്തിട്ടുണ്ടെന്ന് തൊഴിൽ വകുപ്പ് സെക്രട്ടറി വിശദീകരിച്ചു. വകുപ്പ് സെക്രട്ടറിയുടെ വിശദീകരണം സമിതി വിലയിരുത്തി. ആഭരണം വിൽക്കുമ്പോൾ മാത്രം സെസ്സ് ഈടാക്കിയാൽ മതിയെന്ന തീരുമാനത്തോട് സമിതി യോജിക്കുകയും ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിനുമുൻപ് വ്യാപാരം ആരംഭിച്ച വ്യാപാരികൾ രജിസ്ട്രേഷൻ നടത്തേണ്ട തീയതി സർക്കാർ എത്രയുംവേഗം വിജ്ഞാപനം ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

8. ചട്ടം 7—സെസ്സ് തിട്ടപ്പെടുത്തൽ.—ചട്ടം 7-ലെ (1)-ാം ഉപചട്ടം അവ്യക്തമാണ് എന്ന് സമിതി നിരീക്ഷിക്കുകയുണ്ടായി. ആയതിനാൽ ചട്ടം 7-ലെ 1 താഴെപ്പറയും പ്രകാരം തിരുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു:

"ഓരോ വ്യാപാരിയുടേയും ഓരോ വർഷത്തേയും വിറ്റുവരവും വ്യാപാരി അടയ്ക്കേണ്ട തായ സെസ്സ് തുകയും സെസ്സ് തുക അടച്ചത് സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും ഹാജരാക്കുന്നതിനും വ്യാപാരിയുടെ വാദം കേൾക്കുന്നതിന് അവസരവും നോട്ടീസും നൽകാൻ അസസ്സിംഗ് ആഫീസർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്."

9. ചട്ടം 8—അസസ്സിംഗ് ആഫീസറുടെ അധികാരങ്ങൾ.—ചട്ടം 8 (എ) ഇപ്രകാര മാണ്: ഒരു 'വ്യാപാരിയുടെ ഏതെങ്കിലും സ്ഥാപനത്തിലോ വ്യാപാര സ്ഥലത്തോ യുക്ത മെന്ന് തോന്നുന്ന സഹായത്തോടെ ഉചിതമായ സമയത്ത് പ്രവേശിക്കുകയോ'. മേൽ വാകൃത്തിൽ ഉപയോഗിച്ചിട്ടുളള 'ഉചിതമായ സമയത്ത്' എന്നത് ഉചിതമായ പ്രയോഗമല്ല എന്നു നിരീക്ഷിച്ച സമിതി 'ന്യായമായ സമയത്ത്' എന്ന പദപ്രയോഗമാണ് തദവസരത്തിൽ കൂടുതൽ ഉചിതമെന്നും ഈ വ്യവസ്ഥ ഉൾക്കൊള്ളുന്ന ആക്ടിലെ 15 (എ)-ലെ വാകൃത്തിനാണ് കൂടുതൽ വ്യക്തതയുള്ളതെന്ന് അഭിപ്രായപ്പെടുകയും ചെയ്തു.

10. ആയതിനാൽ ആക്റ്റിലെ വകുപ്പ് 15 (എ)യിൽ പറഞ്ഞിരിക്കുന്ന പ്രകാരം ചട്ടം 8 (എ) താഴെപ്പറയും പ്രകാരം തിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

"ഒരു വ്യാപാരിയുടെ ഏതെങ്കിലും സ്ഥാപനത്തിലോ വ്യാപാര സ്ഥലത്തോ ന്യായമായ ഏതൊരു സമയത്തും, അദ്ദേഹത്തിന് ഉചിതമെന്ന് തോന്നുന്ന പ്രകാരമുള്ള സഹായമെന്തെങ്കിലും ഉണ്ടെങ്കിൽ അതോടുകൂടി പ്രവേശിക്കുകയോ;"

11. ചട്ടം 11 സെസ്സ് പിരിവ് സംബന്ധിച്ച റിട്ടേൺ—ചട്ടം 11(2)-ൽ 'ലേബർ കമ്മീഷണർ' എന്നത് ചട്ടം 11(1)-ൽ പറഞ്ഞിരിക്കുന്ന പ്രകാരം 'സംസ്ഥാന ലേബർ കമ്മീഷണർ' എന്ന് തിരുത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

12. ആക്റ്റിലെ 10-ാം വകുപ്പുപ്രകാരം ഒരു വ്യാപാരിക്ക് മുൻകൂർ സെസ്സ് തുക അടയ്ക്കുവാൻ എല്ലാ മാസവും 10-ാം തീയതിവരെ സമയം അനുവദിച്ചിട്ടുള്ള താണ്. എന്നാൽ ചട്ടം 4 (1) പ്രകാരം പ്രതിമാസ മുൻകൂർ സെസ്സ് അടച്ചത് സംബന്ധിച്ച റിട്ടേൺ സമർപ്പിക്കേണ്ടത് അതാത് മാസം 10-ാം തീയതിക്കോ അതിനുമുൻപോ ആണ്. ഇത് അനുചിതമാണെന്ന് സമിതി കരുതുകയും റിട്ടേൺ സമർപ്പിക്കുന്നതിന് കൂടുതൽ സമയം അനുവദിക്കേണ്ടതാണെന്ന് വിലയിരുത്തുകയും ചെയ്യുന്നു.

13. ആയതിനാൽ ചട്ടം 4 (1) പ്രകാരം സെസ്സ് അടച്ചതു സംബന്ധിച്ച വിശദാംശ ങ്ങൾ അതാത് മാസം 10-ാം തീയതിക്കോ അതിനുമുൻപോ എന്നുള്ളത് അതാതുമാസം 15-ാം തീയതിക്കോ അതിനുമുൻപോ എന്ന് ഭേദഗതി ചെയ്യണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

14. ചട്ടം 14—മറ്റ് ഉദ്യോഗസ്ഥരുടെ നിയമനം.—ചട്ടം 14 (3) പ്രകാരം ബോർഡിന്റെ മുഖ്യ കാര്യാലയം, ജില്ലാ എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയം എന്നിവയുടെ പ്രവർത്തനത്തിന് ആവശ്യമെന്ന് കാണുന്ന ജീവനക്കാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാരിന് അനുമതി നൽകാവുന്നതും പ്രസ്തുത തസ്തികകളിൽ

സർക്കാരിന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും ഇതിനായി ഉണ്ടാക്കുന്ന പ്രത്യേക ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെടുന്ന വിധത്തിൽ ബോർഡിന് നേരിട്ടും നിയമനം നടത്താവുന്നതുമാണ്. എന്നാൽ നിലവിൽ ജീവനക്കാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമിക്കുന്നതെന്ന് സമിതി മനസ്സിലാക്കുകയും ആക്റ്റ് പ്രാബല്യത്തിൽ വന്ന് രണ്ട് വർഷത്തിനുശേഷവും ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ജീവനക്കാരുടെ നിയമനം സംബന്ധിച്ച ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല എന്നതിൽ സമിതി ഉത്കണ്ഠ രേഖപ്പെടുത്തുകയും ചെയ്യുന്നു. ആയതിനാൽ ചട്ടം 14(3) പ്രകാരം ആക്റ്റിലെ വ്യവസ്ഥകൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായുള്ള ജീവനക്കാരുടെ നിയമനം സംബന്ധിച്ച ചട്ടങ്ങൾ എത്രയും പെട്ടെന്ന് പുറപ്പെടുവിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

15. ചട്ടം 15—ജീവനക്കാരുടെ ശമ്പളവും അലവൻസുകളും മറ്റ് സേവന വ്യവസ്ഥകളും.—ചട്ടം 15 (2) പ്രകാരം ബോർഡിന്റെ സർവ്വീസിൽ താൽക്കാലികമായി നേരിട്ട് നിയമിക്കുന്ന ജീവനക്കാരുടെ ശമ്പളവും സേവനങ്ങളും മറ്റു സേവന വ്യവസ്ഥകളും ഇതിനായി പ്രത്യേക ചട്ടങ്ങൾ ഉണ്ടാകുന്നതുവരെ ബോർഡ് നിശ്ചയിക്കുന്ന പ്രകാരം ആയിരിക്കുന്നതാണ്. എന്നാൽ പ്രസ്തുത ചട്ടപ്രകാരം ബോർഡ് നേരിട്ട് നിയമിക്കുന്ന താൽക്കാലിക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച ചട്ടങ്ങൾ നാളിതുവരെ രൂപീകരിച്ചിട്ടില്ല  എന്നതിൽ സമിതി അതൃപ്തി രേഖപ്പെടുത്തി. ആയതിനാൽ ചട്ടം 15 (2) പ്രകാരം ബോർഡിലെ താത്ക്കാലിക ജീവനക്കാരുടെ ശമ്പളവും സേവനങ്ങളും മറ്റു സേവന വ്യവസ്ഥകളും സംബന്ധിച്ച ചട്ടങ്ങൾ അടിയന്തിരമായി തയ്യാറാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

16. രജിസ്റ്ററുകളും ഫാറങ്ങളും.—ആക്ട് പ്രകാരമുള്ള വ്യവസ്ഥകൾ പ്രയോഗത്തിൽ വരുത്തുന്നതിനായി വ്യാപാരികളും അസസ്സിംഗ് ഓഫീസർമാരും സൂക്ഷിക്കേണ്ട വിറ്റുവരവ്, മുൻകൂർ സെസ്സ് തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുവാനുള്ള 7 തരം രജിസ്റ്ററുകളും രജിസ്ട്രേഷന് സമർപ്പിക്കേണ്ട അപേക്ഷ സംബന്ധിച്ച് 5 തരം ഫാറങ്ങളും ആവശ്യമായുണ്ട്.  പ്രസ്തുത രജിസ്റ്ററുകളും ഫാറങ്ങളും അച്ചടിച്ച് ലഭിച്ചിട്ടില്ല എന്നു മനസ്സിലാക്കിയ സമിതി ഇതിനുള്ള കാരണം വകുപ്പ് സെക്രട്ടറിയോട് ആരാഞ്ഞു. ധനകാര്യവകുപ്പിൽ നിന്നും ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാലാണ് രജിസ്റ്ററുകളും ഫാറങ്ങളും അച്ചടിക്കുവാൻ കഴിയാത്തതെന്നും മറ്റൊരു ക്ഷേമനിധിയിൽ നിന്നും അതിനാവശ്യമായ തുക കടമായി ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും തൊഴിൽ വകുപ്പ് സെക്രട്ടറി സമിതിയുടെ മുമ്പാകെ വ്യക്തമാക്കി.  ചട്ടങ്ങൾ രൂപീകരിച്ച് രണ്ടു വർഷം കഴിഞ്ഞിട്ടും ആഭരണ തൊഴിലാളി ക്ഷേമപദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രാരംഭദശയിൽ തന്നെയാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടു. പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ രജിസ്റ്ററുകളും ഫോറങ്ങളും അച്ചടിക്കുന്നതിനും ബോർഡിന് നിലവിൽ പ്രവർത്തനമാരംഭിച്ച ഹെഡ് ഓഫീസിലും മൂന്ന് മേഖലാ ഓഫീസുകളിലും ഇവ ലഭ്യമാക്കുന്നതിനുമുള്ള സത്വരനടപടി കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

17. ഫാറം എ—വാർഷിക വിറ്റുവരവും സെസ്സും സംബന്ധിച്ച റിട്ടേൺ.—ചട്ടങ്ങളിലെ 'ഫാറം എ' എന്നത് ഓരോ വ്യാപാരിയും വാർഷിക വിറ്റുവരവ് സംബന്ധിച്ച് വകുപ്പ് 8 (1) പ്രകാരം അസസ്സിംഗ് ആഫീസർ മുൻപാകെ സമർപ്പിക്കേണ്ട റിട്ടേൺ

ആണ്. ഈ റിട്ടേണിന്റെ അടിസ്ഥാനത്തിൽ അസസ്സിംഗ് ആഫീസർ സെസ്സ് തുക തിട്ടപ്പെടുത്തണമെന്നാണ് വകുപ്പ് 9(1)-ൽ പറഞ്ഞിട്ടുള്ളത്. ആയതിനാൽ ഫാറം എ-യിലെ 7-ാം കോളത്തിൽ 'തുക അടച്ചതു സംബന്ധിച്ച വിവരങ്ങൾ' എന്നു രേഖപ്പെടുത്തിയിരിക്കുന്നത് ക്രമപ്രകാരമല്ല എന്നു സമിതി കണ്ടെത്തി. ആയതിനാൽ 'ഫാറം എ' യിലെ 7-ാം കോളത്തിൽ പരാമർശിച്ചിരിക്കുന്ന '6-ാം കോളത്തിലെ തുക അടച്ചതു സംബന്ധിച്ച വിവരങ്ങൾ' എന്നത് 'മുൻ വർഷത്തിൽ തുക അടച്ചതു സംബന്ധിച്ച വിവരങ്ങൾ' എന്ന് തിരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

18. ഫാറം ബി—പ്രതിമാസ മുൻകൂർ സെസ്സ് അടവ് സംബന്ധിച്ച റിട്ടേൺ.—'ഫാറം ബി'യിലെ നാലാം കോളത്തിൽ 'ബാങ്ക്' എന്ന വാക്കിനുശേഷം കോമ ചേർക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

19. ഫാറം 'എ'യിൽ കുറിപ്പ് വ്യാപാരിയുടെ ഒപ്പിനു മുകളിലായും, ഫാറം 'ബി'യിൽ കുറിപ്പ് വ്യാപാരിയുടെ ഒപ്പിന് താഴെയുമാണ് ചേർത്തിരിക്കുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ഒരു സ്റ്റാറ്റ്യൂട്ടറി ഉത്തരവിൻപ്രകാരം തയ്യാറാക്കിയ ഫാറങ്ങളിൽ ഒരേ കാര്യങ്ങൾ പല രീതിയിൽ രേഖപ്പെടുത്തുന്നത് നല്ല കീഴ്‌വഴക്കമല്ല എന്ന് സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ ഒരു സ്റ്റാറ്റ്യൂട്ടറി ഉത്തരവിൽ ഇത്തരം ന്യൂനതകൾ ഒഴിവാക്കേണ്ടതാണെന്നും അതിലുൾപ്പെടുത്തിയിട്ടുള്ള ഫാറങ്ങൾ ഒരേ മാതൃകയിൽ തയ്യാറാക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു.

20. ഫാറം ഡി—സെസ്സ് രജിസ്റ്റർ.—'ഫാറം ഡി' എന്നത് സെസ്സ് രജിസ്റ്ററിന്റെ മാതൃകയാണ്. അതിലെ ക്രമനമ്പർ 2-ലെ 'ക്ഷേമനിധി ചട്ടങ്ങൾ പ്രകാരം രജിസ്ട്രേഷൻ നമ്പർ' എന്നതിലെ 'പ്രകാരം' എന്ന വാക്ക് 'പ്രകാരമുള്ള' എന്ന് തിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

21. ഫാറം ഇ—സെസ്സ് ഈടാക്കൽ രജിസ്റ്റർ.—'ഫാറം ഇ'യിൽ ചേർത്തിരിക്കുന്ന കുറിപ്പിലെ 'വ്യാപാരിയും' എന്നത് 'വ്യാപാരിക്കും' എന്ന് തിരുത്തേണ്ടതാണെന്നും ഫാറം 'ഇ'യിലെ ഓരോ വ്യാപാരിക്കും പ്രത്യേകം പേജ് നിർദ്ദേശിക്കുന്ന കുറിപ്പ് ഫാറം 'എഫ്', 'ജി' എന്നിവയിലും ഉൾപ്പെടുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

22. ചട്ടം 6(3)-ലെ 'വ്യാപാരി രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷാഫാറം ജെ-ൽ' എന്നത് കൂടുതൽ വ്യക്തത വരുത്തുന്നതിനുവേണ്ടി 'വ്യാപാരി രജിസ്ട്രേഷന് വേണ്ടിയുള്ള അപേക്ഷാ ഫാറം ജെ-ൽ' എന്ന് തിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

## എസ്.ആർ.ഒ. നമ്പർ 530/2010 തീയതി 29-5-2010

സ.ഉ. (പി) നമ്പർ 64/2010/തൊഴിൽ തീയതി 29-5-2010

23. 2009-ലെ കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്ടിലെ 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് പ്രസ്തുത

ആക്ടിന്റെ പരിധിയിൽവരുന്ന തൊഴിലാളികളുടെയും സ്വയം തൊഴിൽ ചെയ്യുന്നവരുടെയും ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുംവേണ്ടി കേരള ആഭരണ തൊഴിലാളി ക്ഷേമപദ്ധതി രൂപീകരിച്ചു കൊണ്ടുള്ളതാണ് 2010-ലെ 530-ാം നമ്പർ എസ്.ആർ.ഒ.

24. ഖണ്ഡിക 4(3)-ലെ 'ചെയർമാർ' എന്നത് 'ചെയർമാൻ' എന്നും ഖണ്ഡിക 5(1)-ലെ 'നിശ്ചയിച്ച' എന്നത് 'നിശ്ചയിച്ച്' എന്നും ഖണ്ഡിക 10-ലെ 'തീരുമാനവും എന്നത് 'ഏത് തീരുമാനവും' എന്നും തിരുത്തണമെന്നും സമിതി ശുപാർശ ചെയ്യുന്നു. കൂടാതെ ഖണ്ഡിക 9(1)-ലെ 'യോഗം' എന്ന വാക്ക് ഒഴിവാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

25. അംഗത്വം നഷ്ടപ്പെടലും പുനഃസ്ഥാപനവും.—പദ്ധതിയുടെ 17-ാം ഖണ്ഡിക, 2-ാം ഉപഖണ്ഡിക പ്രകാരം ഏതെങ്കിലും തൊഴിലാളിയോ സ്വയം തൊഴിൽ ചെയ്യുന്ന ആളോ അംശദായം തുടർച്ചയായി അടയ്ക്കാതിരിക്കുന്നത് ന്യായമായ കാരണത്താലാണെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ അദ്ദേഹം ഇതിനായി അധികാരപ്പെടുത്തുന്ന ഓഫീസർക്കോ ബോധ്യമായാൽ പ്രസ്തുത ഓഫീസർക്ക് അംഗത്വം പുനഃസ്ഥാപിക്കുന്നതിന് അനുമതി നൽകാവുന്നതും, അങ്ങനെ അനുമതി ലഭിക്കുന്നപക്ഷം, നിശ്ചിത സമയപരിധിക്കകം കുടിശ്ശിക അംശദായവും ബോർഡ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പിഴപ്പലിശയും ഒന്നിച്ചടച്ച് അംഗത്വം പുനഃസ്ഥാപിക്കാവുന്നതുമാണ്. എന്നാൽ പിഴപ്പലിശയുടെ നിരക്ക് സർക്കാരിന്റെ അനുമതി കൂടാതെ ബോർഡിന് നിശ്ചയിക്കാം എന്ന വ്യവസ്ഥയിൽ അപാകതയുണ്ടെന്ന് സമിതി വിലയിരുത്തി. ആയതിനാൽ, "ബോർഡ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പിഴപ്പലിശയും" എന്നത് "സർക്കാരിന്റെ അനുമതിയോടുകൂടി ബോർഡ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പിഴപ്പലിശയും" എന്ന് ഭേദഗതി വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

26. ആക്ടിലെ 17-ാം വകുപ്പ് (5)-ാം ഉപവകുപ്പിൻപ്രകാരം അംഗത്വം നിഷേധിക്കപ്പെട്ടവർക്കുള്ള അപ്പീൽ അവകാശവും അംഗത്വം റദ്ദാക്കുന്നതും റദ്ദായ അംഗത്വം പുനഃസ്ഥാപിക്കുന്നതും നിർണ്ണയിക്കപ്പെടുന്ന പ്രകാരമായിരിക്കുന്നതാണ്. എന്നാൽ അംഗത്വം നിഷേധിക്കപ്പെട്ടവർക്കുള്ള അപ്പീൽ അവകാശം പദ്ധതിയിൽ ഇതു സംബന്ധിച്ച ഖണ്ഡിക 17-ൽ നിർണ്ണയിച്ചിട്ടില്ല എന്നത് സമിതി കണ്ടെത്തി. ആയതിനാൽ, അംഗത്വം നിഷേധിക്കപ്പെട്ടവർക്കുള്ള അപ്പീൽ അവകാശം നിർണ്ണയിച്ച് പദ്ധതിയിലെ 17-ാം ഖണ്ഡിക പരിഷ്കരിക്കണം എന്ന് സമിതി ശുപാർശ ചെയ്യുന്നു.

27. ഖണ്ഡിക 19(2)-ൽ പരാമർശിച്ചിട്ടുള്ള 'നോമിനേഷനിൽ' എന്ന വാക്ക് നിർവ്വചിച്ചിട്ടില്ലാത്തതിനാൽ പകരം 'നാമനിർദ്ദേശത്തിൽ' എന്ന വാക്കുപയോഗിക്കുന്നതാണ് ഉചിതം എന്ന് സമിതി വിലയിരുത്തി. ആയതിനാൽ ഖണ്ഡിക 19(2)-ൽ 'നോമിനേഷനിൽ' എന്നത് 'നാമനിർദ്ദേശത്തിൽ' എന്ന് തിരുത്തണമെന്നു സമിതി ശുപാർശ ചെയ്യുന്നു.

28. ഖണ്ഡിക 22(5)-ൽ അംശദായം ഏതെങ്കിലും ദേശസാൽകൃത ബാങ്കിലോ സഹകരണബാങ്കിലോ മറ്റേതെങ്കിലും വിധത്തിലോ അടയ്ക്കുന്നതിനുള്ള സംവിധാനങ്ങൾ ബോർഡിന് തീരുമാനിച്ച് നടപ്പാക്കാവുന്നതാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. 'മറ്റേതെങ്കിലും വിധത്തിലോ' എന്ന പ്രയോഗത്തിൽ കൃത്യത ഇല്ല എന്നും മറ്റേതെ

ങ്കിലും വിധത്തിൽ അംശദായം അടയ്ക്കുന്നതിനുള്ള സംവിധാനങ്ങൾ സർക്കാർ അനുമതിയോടെ എന്ന് വ്യവസ്ഥ ചെയ്യേണ്ടതാണ് എന്നും സമിതി അഭിപ്രായപ്പെട്ടു. ആയതിനാൽ ഖണ്ഡിക 22(5)-ൽ 'മറ്റേതെങ്കിലും വിധത്തിലോ' എന്ന പ്രയോഗത്തിന് മുൻപ് 'സർക്കാരിന്റെ അനുമതിയോടുകൂടി' എന്ന വാക്കുകൾ കൂടി ചേർക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

29. ഖണ്ഡിക 22 (6) പ്രകാരം അംശദായം അടയ്ക്കുന്നതിന്റെ വിശദാംശങ്ങൾ 4-ാം നമ്പർ ഫാറത്തിലെ അംശദായ വ്യക്തിഗത രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിരിക്കുന്നു. അത് ഫാറം 4-ന്റെ ശീർഷകത്തിലേതുപോലെ 'വ്യക്തിഗത അംശദായ രജിസ്റ്റർ' എന്ന് തിരുത്തേണ്ടതാണ് എന്ന് സമിതി നിർദ്ദേശിക്കുന്നു.

30. ഖണ്ഡിക 23 (1) പ്രകാരമുള്ള സർക്കാർവക അംശദായം ലഭിക്കുന്നതിന് ഓരോ വർഷവും ജൂൺ മാസം 30-ാം തീയതിക്കകം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അംശദായമായി ലഭിക്കേണ്ട തുകയുടെ പൂർണ്ണവിവരവും വിശദാംശങ്ങളും സർക്കാർ നിർദ്ദേശിക്കുന്ന രേഖകളും സഹിതം സർക്കാരിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഖണ്ഡിക 22 (1) പ്രകാരം എല്ലാ അംഗവും എല്ലാ മാസവും 10-ാം തീയതിക്കകമാണ് അംശദായം അടയ്ക്കേണ്ടത്. അതിൻപ്രകാരം മാർച്ച് 10-ാം തീയതി ഒരു സാമ്പത്തികവർഷം അംഗങ്ങൾ അടച്ച അംശദായം സംബന്ധിച്ച കണക്കുകൾ ലഭിക്കുമെന്നിരിക്കെ സർക്കാരിന്റെ അംശദായ വിഹിതത്തിന് അപേക്ഷ നൽകുവാൻ ജൂൺ 30 വരെ സമയം അനുവദിക്കേണ്ടതില്ല എന്നു സമിതി കരുതുന്നു. ആയതിനാൽ, ഖണ്ഡിക 23 (1)-ലെ "ജൂൺ മാസം 30" എന്നുള്ളത് "ഏപ്രിൽ മാസം 30" എന്ന് ഭേദഗതി വരുത്തുവാൻ സമിതി ശുപാർശ ചെയ്യുന്നു.

31. ഖണ്ഡിക 24(1) പ്രകാരം തുടർച്ചയായി 5 വർഷത്തിൽ കുറയാത്തകാലം നിധിയിൽ അംശദായം അടച്ചുവരുന്ന ഒരംഗത്തിന് 60 വയസ്സ് പൂർത്തിയായതിനുശേഷം അയാൾ എന്നാണോ സൂപ്പറാന്വേഷൻ ആകുന്നത് ആ തീയതിയുടെ തൊട്ടടുത്ത മാസം മുതൽ സൂപ്പറാന്വേഷൻ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണെന്നിരിക്കെ ഖണ്ഡിക 24(2) പ്രകാരം അവശതാ പെൻഷന് അർഹമാകേണ്ടതിന് 10 വർഷത്തിൽ കുറയാത്തകാലം അംശദായം അടച്ചിരിക്കേണ്ടതും അവശത വരുന്നതുവരെ അംശദായം അടച്ചിരിക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഈ രണ്ട് പെൻഷനുകളുടെയും അർഹത നിശ്ചയിക്കുന്ന വ്യവസ്ഥകൾ തികച്ചും വിഭിന്നമാണെന്ന് മാത്രമല്ല വിവേചനാപരമാണ് എന്നും സമിതി കരുതുന്നു. ആയതിനാൽ സൂപ്പറാന്വേഷൻ പെൻഷൻ, അവശതാ പെൻഷൻ എന്നിവ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ തമ്മിൽ താരതമ്യം ചെയ്ത് വ്യവസ്ഥകളിൽ ഉചിതമായ മാറ്റം വരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

32. ഖണ്ഡിക 27(1) പ്രകാരമുള്ള പ്രസവാനുകൂല്യം, 28(1) പ്രകാരമുള്ള ധനസഹായം, 29 പ്രകാരമുള്ള വിദ്യാഭ്യാസാനുകൂല്യം, 30(1) പ്രകാരമുള്ള ചികിത്സാ സഹായം എന്നീ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അർഹതയ്ക്കായി അംശദായം അടയ്ക്കുന്ന കാലയളവ് വ്യത്യസ്തമായാണ് നിശ്ചയിച്ചിരിക്കുന്നത്. മാത്രമല്ല, ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടി മാത്രം അംഗത്വമെടുക്കുന്നതു ഒഴിവാക്കുന്ന

തരത്തിൽ എല്ലാ ധനസഹായങ്ങൾക്കും പൊതുവായി ന്യായമായ ഒരു കാലയളവ് ബാധക മാക്കുന്നതാവും അഭികാമ്യമെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇക്കാര്യം വിശദമായി പരിശോധിച്ച് അംശദായം അടയ്ക്കുന്ന കാലയളവ് സംബന്ധിച്ച് ഏകീകരണം കൊണ്ടുവരണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

33. ഖണ്ഡിക 29 പ്രകാരം വിദ്യാഭ്യാസ ഗ്രാന്റിനുള്ള അർഹതാ മാനദണ്ഡങ്ങൾ, ക്ലാസ്/കോഴ്സ്, ഗ്രാന്റ് തുക, അപേക്ഷയുടെ മാതൃക, അനുബന്ധരേഖകൾ, അപേക്ഷാരീതി, മറ്റു കാര്യങ്ങൾ എന്നിവ സംബന്ധിച്ച പദ്ധതി ബോർഡ് ആവിഷ്കരിച്ച് സർക്കാർ അനുമതിയോടെ നടപ്പാക്കാവുന്നതാണ്. ഖണ്ഡിക 29 പ്രകാരമുള്ള പദ്ധതി അവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ എന്ന വിവരം സമിതിയെ ധരിപ്പിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

34. ഖണ്ഡിക 30 (1) പ്രകാരം ചികിത്സാസഹായം സംബന്ധിച്ച് ബോർഡ് അംഗീകരിക്കുന്ന ആശുപത്രികളുടെ ലിസ്റ്റ് എത്രയും വേഗം പ്രസിദ്ധീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

35. ഖണ്ഡിക 30 (1) പ്രകാരമുള്ള ചികിത്സാസഹായത്തിന് സർക്കാർ ആശുപത്രിക്കു പുറമേ ബോർഡ് അംഗീകരിക്കുന്ന ആശുപത്രികൾ കൂടി ഉൾപ്പെടുത്തി യിട്ടുണ്ട് എന്നിരിക്കെ ഖണ്ഡിക 27(3) പ്രകാരമുള്ള പ്രസവാനുകൂല്യത്തിന് അസിസ്റ്റന്റ് സർജന്റെ പദവിയിൽ കുറയാത്ത സർക്കാർ ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിരിക്കുന്നത് അനുചിതമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഇക്കാര്യം പരിശോധിക്കണമെന്നും വ്യവസ്ഥ ഭേദഗതി ചെയ്യണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

36. ഖണ്ഡിക 37 പ്രകാരമുള്ള ഭവനനിർമ്മാണ വായ്പാ പദ്ധതി ഫണ്ടിന്റെ അപര്യാപ്തതമൂലം ആവിഷ്കരിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പദ്ധതിയും ചട്ടങ്ങളും നിലവിൽ വന്ന് രണ്ടു വർഷങ്ങൾക്കുശേഷവും വ്യാപാരി രജിസ്ട്രേഷനും സെസ്സ് പിരിക്കലും പ്രാരംഭദശയിലാണെന്നതും അതുമൂലം ബോർഡിന്റെ ഫണ്ടിലേ ക്കുള്ള തുകയിൽ കുറവുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, സെസ്സ് പിരിച്ചെടുക്കുന്നതിനും അതിന്റെ അർഹതപ്പെട്ട വിഹിതം നിധിയിലേക്ക് വരവ് വയ്ക്കു ന്നതിനും ആവശ്യമായ സത്വര നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

37. ഖണ്ഡിക 38(2)-ൽ '5-ാം വകുപ്പ് (3)-ാം ഉപവകുപ്പ്' എന്നതിൽ പിശകുണ്ടെന്ന് കണ്ടെത്തിയ സമിതി ആയത് '4-ാം വകുപ്പ് (3)-ാം ഉപവകുപ്പ്' എന്ന് തിരുത്തണമെന്ന് ശുപാർശ ചെയ്യുന്നു.

38. വിവാഹധനസഹായത്തിനുള്ള അപേക്ഷാഫാറത്തിന്റെ നമ്പർ '10' എന്നത് '11' എന്നും ഫാറം 11-ലെ ക്രമനമ്പർ 6 (3)-ലെ 'അംശാദായമടച്ച' എന്നത് 'അംശദായ മടച്ച' എന്നും ഫാറം 8-ലെ ക്രമനമ്പർ 7 ആയി രേഖപ്പെടുത്തിയിരിക്കുന്ന 'പ്രായമുണ്ടാ

യിരിക്കുമോ' എന്നത് 'പ്രായമുണ്ടായിരുന്നോ' എന്നും തിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

39. ഇതര ക്ഷേമനിധികളിലെപോലെ ആക്റ്റുപ്രകാരമുള്ള നിധിയുടെ കണക്കുകളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെകൊണ്ട് ഓഡിറ്റ് ചെയ്യിക്കണമെന്നും അത് സമയബന്ധിതമായി സർക്കാരിനു സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## എസ്. ആർ. ഒ. നമ്പർ 759/2010, തീയതി 3-8-2010

ജി. ഒ. നമ്പർ 85/2010/തൊഴിൽ തീയതി 3-8-2010

40. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ആക്റ്റിലെ 19-ാം വകുപ്പ് (1), (3), (4), (5) ഉപവകുപ്പുകൾ പ്രകാരം നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിച്ചുകൊണ്ടുള്ളതാണ് എസ്. ആർ. ഒ. നമ്പർ 759/2010.

41. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിലെ ഡയറക്ടർമാരിൽ തൊഴിലാളികളുടെയും സ്വന്തമായി തൊഴിൽ ചെയ്യുന്നവരുടെയും പ്രതിനിധികളായി ഉൾപ്പെടുത്തിയിട്ടുള്ളവർ പദ്ധതിയിൽ അംഗത്വമെടുക്കേണ്ടതാണെന്നും വ്യാപാരി പ്രതിനിധികളായി ഉൾപ്പെടുത്തിയിട്ടുള്ളവരും പദ്ധതിയിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്നും ബോർഡ് രൂപീകരിച്ചുകൊണ്ടും ഡയറക്ടർമാരെ നിയമിച്ചുകൊണ്ടും ഇനി പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങളിൽ ഈ പറഞ്ഞ വിഭാഗങ്ങളിൽപ്പെടുന്നവർക്ക് രജിസ്ട്രേഷൻ നമ്പർ കൂടി ചേർക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

എം. ഉമ്മർ,
*ചെയർമാൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2012 ജൂലൈ 5.

1124/2012.